കയ്യാട് സമഗ്ര വികസന പദ്ധതി

252 (1692) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യാട് സമഗ്ര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കയ്യാട് കൃഷി സംരക്ഷണവുമായി ബന്ധപ്പെട്ട് ചേർന്ന, ബഹു. കൃഷി മന്ത്രിയുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കയ്യാട് വികസന ഏജൻസി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) മലബാർ കയ്യാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് നല്കിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) കയ്യാട് മേഖലയിൽ പുതുതായി എന്തെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ& ബി) പരിശോധിച്ചുവരുന്നു.

(സി) കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസിയാണ് രൂപീകരിച്ചിട്ടുള്ളത്.

(ഡി) ആത്മ പദ്ധതി പ്രകാരം 2010-ൽ മലബാർ കയ്യാട് ഫാർമേഴ്സ് സൊസൈറ്റിക്ക് പരിശീലനത്തിനായി 83,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കയ്യാട് മേഖലയിൽ 2014-15 വർഷത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്റർ അനുവദിച്ചിട്ടുണ്ട്. കാട്ടാമ്പള്ളി കയ്യാട് പ്രദേശത്ത് 1560 മീറ്റർ ബണ്ട് പുനർനിർമ്മാണത്തിനായി ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 306 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർവഴി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചിറക്കൽ പഞ്ചായത്തിൽ 3 വി.സി.ബി.-കൾ നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly